WEDNESDAY 28/05/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/05/2025

1. സംസ്ഥാനത്ത് മഴ കനക്കുന്ന സാഹചര്യത്തിൽ മൃഗസംരക്ഷണ മേഖലയിലെ കെടുതികൾ നേരിടുന്നതിന് മൃഗസംരക്ഷണ വകുപ്പ് സുസജ്ജമെന്നും ആയതിലേക്കായി ജില്ലാ-സംസ്ഥാന തലത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായും മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി അറിയിച്ചു. നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിലേക്കും അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനും മറ്റു ക്രമീകരണങ്ങൾക്കുമായി ജില്ലാ കേന്ദ്രങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിച്ചതായും മന്ത്രി അറിയിച്ചു.

ജില്ലകളിൽ 24 മണിക്കൂറും പ്രവൃത്തിക്കുന്ന കൺട്രോൾ റൂം നമ്പറുകൾ

തിരുവനന്തപുരം :0471 2302643,0471 2330736

കൊല്ലം :0474 2795076

പത്തനംതിട്ട :0468 2270908

ആലപ്പുഴ :0477 2252636,0477 2252431

കോട്ടയം :0481 2564623

ഇടുക്കി: 04862 222 894, 94462 09044

എറണാകുളം 0484 2351264

തൃശൂർ :9249266092

പാലക്കാട് :9746678024

മലപ്പുറം : 0483 2736696, 7907000922

കോഴിക്കോട് :9447517519, 904882361

വയനാട് :04936 202229, 9446640420, 9847469516

കണ്ണൂര് :0497 2700184, 8075927597

കാസർഗോഡ് :94474 22948

കർഷകർക്കുള്ള ജാഗ്രതാ നിർദേശങ്ങൾ വെള്ളപ്പൊക്കവും ഉരുൾപ്പൊട്ടൽ സാധ്യതയുമുള്ള പ്രദേശങ്ങളിലെ കർഷകർ ജാഗരൂകരായിരിക്കണം. മുൻ വർഷങ്ങളിൽ പ്രകൃതിക്ഷോഭം ഉണ്ടായ പ്രദേശങ്ങളിൽ മുൻകരുതലായി മൃഗങ്ങളെ മാറ്റി പാർപ്പിക്കുവാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ജാഗ്രത പാലിക്കേണ്ടതാണ്.

2. കേരള കാർഷിക സർവകലാശാലയുടെ വെള്ളാനിക്കര, മണ്ണുത്തി ക്യാമ്പസുകളിൽ 2025-2026 അധ്യയനവർഷം താഴെ പറയുന്ന പ്രോഗ്രാമുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ബി.എസ്.സി.-എം.എസ്.സി. ഇന്റെഗ്രേറ്റഡ് ബയോളജി, ബി.എസ്.സി.-എം.എസ്.സി. ഇൻഗ്രേറ്റഡ് മൈക്രോബയോളജി, ഡിപ്ലോമ ഇൻ റീറ്റെയിൽ മാനേജ്മന്റ്, ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ മെക്കനൈസേഷൻ വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ്പോർട്ടൽ സന്ദർശിക്കുക. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തിയതി 31.05.2025. അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പറിൽ ഓഫിസ് സമയത്ത് (രാവിലെ 10 മുതൽ വൈകീട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.

3. ഫിഷറീസ് വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസ് മുഖേന നടപ്പിലാക്കുന്ന ജനകീയമത്സ്യകൃഷിയുടെ ഭാഗമായുള്ള വിവിധ മത്സ്യകൃഷി ഘടകപദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ളോക്ക്, കൂട് കൃഷി, പടുതാകുളത്തിലെ മത്സ്യകൃഷി, ഓരു ജലാശയത്തിലെ കൃഷി, എംബാങ്ക്മെന്റ് മത്സ്യകൃഷി എന്നിവയാണ് ഘടക പദ്ധതികൾ. താത്പര്യമുള്ളവർ മെയ് 31നകം അപേക്ഷകൾ ബന്ധപ്പെട്ട

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മത്സ്യഭവൻ ഓഫീസിലോ, ജില്ലാ മത്സ്യഭവൻ, മണക്കാട് പി.ഒ, കമലേശ്വരം ഓഫീസിലോ സമർപ്പിക്കണം. ഫോൺ: 0471-2450773, 0471-2464076.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര കാർഷിക കോളേജിലെ പുഷ്പ-കൃഷി വിഭാഗത്തിൽ ഓണവിപണി ലക്ഷ്യമാക്കി ചെണ്ടുമല്ലി (ഹൈബ്രിഡ്), വാടാർമല്ലി എന്നിവയുടെ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. താല്പര്യമുള്ളവർ 05/06/2025 ന് മുന്പായി 8547254010, 9544328816 എന്ന നമ്പറിൽ (9 മണിക്കും 4 മണിക്കും ഇടയിൽ) ബന്ധപ്പെടുക.

5. റബ്ബർബോർഡിന്റെ കേന്ദ്രഓഫീസിൽ മാർക്കറ്റ് ഇന്റലിജൻസ് ഡിവിഷനിൽ 'ട്രെയിൻഡ് കമ്പ്യൂട്ടർ ട്രെയിനി'യെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. അപേക്ഷകർക്ക് സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യുക്കേഷനിൽ നിന്ന് കമ്പ്യൂട്ടർ എൻജിനീയറിങ്ങിലോ കമ്പ്യൂട്ടർ സയൻസിലോ മൂന്നുവർഷത്തെ റെഗുലർ ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം. അവർ ഒരു ഗവൺമെൻറ് സ്ഥാപനത്തിൽ നിന്ന് ഒരു വർഷത്തെ എൻ.എ.റ്റി.എസ്(NATS) അപ്രന്റിസ്ഷിപ്പ് പൂർത്തിയാക്കിയവരും ആയിരിക്കണം. അപേക്ഷകർക്ക് 2025 മെയ് - 01 ന് 28 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ കോട്ടയത്തെ കേന്ദ്ര ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റ് ഇന്റലിജൻസ് ഡിവിഷൻ) മുമ്പാകെ 2025 ജൂൺ രണ്ട് രാവിലെ 11 മണിക്ക് നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച അപേക്ഷയ്ക്കൊപ്പം വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.എെ.ആർ.റ്റി.) റബ്ബറിന്റെ നടീൽവസ്തുക്കളുടെ ഉത്പാദനം, വിവിധ റബ്ബറിനങ്ങളുടെ പ്രത്യേകതകൾ എന്നിവയിൽ 2025 മെയ് 29-ന് രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ ഒാൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം